**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.02.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1423**

## മത്സ്യലഭ്യത വർദ്ധിപ്പിക്കാൻ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എം. കെ. മുനീർ**<br>**ശ്രീ.പി.ഉബൈദുള്ള**<br>**,, കെ.എം.ഷാജി**<br>**,, പി.കെ.അബ്ദു റബ്ബ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യ ഉപയോഗത്തിന്റെ എഴുപതു ശതമാനത്തിലധികം അന്യസംസ്ഥാനങ്ങളിൽ നിന്നാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന മത്സ്യത്തിന്റെ ഏകദേശം 25 ശതമാനത്തോളം മാത്രമാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത്. |
| (ബി) | തീരക്കടലിൽ കൃത്രിമപാരുകൾ നിക്ഷേപിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഉണ്ട്.<br>കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 Trapezoidal ആകൃതിയിലുള്ള കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന കൃത്രിമപ്പാരുകൾ കടലിൽ നിക്ഷേപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. 2019-20 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപ്പള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരികയാണ്.<br>ഇതു കൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയ തുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | അനുമതി നൽകിയതനുസരിച്ച് 7 മത്സ്യഗ്രാമങ്ങളിൽ Re-inforced cement concrete നിർമ്മിതിയിലുള്ള കൃത്രിമപ്പാരുകളും ഒരു മത്സ്യഗ്രാമത്തിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ferro cement നിർമ്മിതിയിലുള്ള കൃത്രിമപ്പാരുകളും സ്ഥാപിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**